DESPATCHED
On..05/03/2020
14/1/2020

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 3118*(7)/2014*/*എസ്.ഐ.സി.***
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം. *19499/എസ്.ഐ.സി-ജി 6/14*

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| **ശ്രീ. കെ.രമണി<br>രാജി വിഹാർ, കക്കാടത്ത് വീട്<br>മധുര ബസാർ, ഫറോക്ക് പി.ഒ<br>കോഴിക്കോട്** | **പരാതി ഹർജിക്കാരൻ** |

**Vs**

| | |
|---|---|
| **1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ &<br>ജൂനിയർ സൂപ്രണ്ട് (ബി) സെക്ഷൻ)<br>താലൂക്ക് ആഫീസ്, കോഴിക്കോട്,<br><br>2. അപ്പീൽ അധികാരി &<br>തഹസിൽദാർ<br>കോഴിക്കോട്** | **എതിർകക്ഷികൾ** |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ ശരിയായ വിവരം ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്

2. എസ്.പി.ഐ.ഒ. സമർപ്പിച്ച റിപ്പോർട്ടിന്മേൽ അഭിപ്രായം തേടുന്നതിനായി കമ്മീഷൻ 07.11.2019 ന് കളക്ടറേറ്റ് കോഴിക്കോട് വച്ചു നടത്തിയ ഹിയറിംഗിൽ ഹാജരാകുവാൻ ഹർജിക്കാരിക്കു നോട്ടീസ് നൽകിയിരുന്നെങ്കിലും ടിയാൾ ഹാജരാകുകയോ അഭിപ്രായം രേഖപ്പെടുത്തുവാൻ തയ്യറാവുകയോ ചെയ്തിരുന്നില്ല. ഹാജരായ എസ്.പി.ഐ.ഒ നൽകിയ മൊഴിയിൽ ടി ഓഫീസ് ഷിഫ്റ്റ് ചെയ്തിരുന്നതായും, ആയതിനാൽ പല രജിസ്റ്ററുകളും ഫയലുകളും കണ്ടെത്താൻ കഴിയാതെ വന്നിട്ടുണ്ടെന്നും, ഹർജിക്കാരിയുടെ ഇനം 4,5 എന്നിവയ്ക്ക്, 39 വില്ലേജുകളിലും പെട്ട എല്ലാ മിച്ചഭൂമികളുടെയും വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചുവച്ചിട്ടില്ലാത്തതിനാൽ, ഹർജിക്കാരിക്ക് നേരിട്ട് ഹാജരായി ആവശ്യമായ വിവരങ്ങൾ ശേഖരിക്കാവുന്നതാണെന്ന് അറിയിച്ചിട്ടുണ്ടെന്നുമാണ്. കമ്മീഷനിൽ നൽകിയ റിപ്പോർട്ട് ഹർജിക്കാരിക്ക് നൽകിയതായും അറിയിച്ചു.
3. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതിനാലാണ് രേഖകൾ നൽകാത്തതെന്നും അപ്പീൽവാദിക്ക് നേരിട്ട് ഹാജരായി രേഖകൾ ശേഖരിക്കാം എന്നുള്ള എസ്.പി.ഐ.ഒ.യുടെ റിപ്പോർട്ട് വിശ്വാസത്തിൽ എടുത്തുകൊണ്ട് ഈ പരാതി ഹർജിയിൽ മറ്റ് നടപടികളാവശ്യമില്ലെന്ന് കണ്ട് ഇന്നേദിവസം 2020 ജനുവരി 14-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)



res